# പൊയിലൂർ ഈസ്റ്റ് എൽ.പി.സ്കൂൾ





## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# പൊയിലൂർ ഈസ്റ്റ് എൽ പി സ്കൂൾ

| | |
|---|---|
| വില്ലേജ് | തൃപ്രങ്ങോട്ടൂർ |
| ക്ലസ്റ്റർ | പാനൂർ |
| പഞ്ചായത്ത് | തൃപ്രങ്ങോട്ടൂർ |
| ഉപജില്ല | പാനൂർ |
| വിദ്യാഭ്യാസ ജില്ല | തലശ്ശേരി |
| സ്കൂൾ കോഡ് | 14538 |
| നിയമസഭാ മണ്ഡലം | വടകര |



## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ചരിത്രം

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ വടക്കു കിഴക്കുള്ള പ്രദേശമാണ് വടക്കെ പൊയിലൂർ.കിഴക്ക് പശ്ചിമ ഘട്ട മലനിരകളാൽ പ്രകൃതി രമണീയമായ വടക്കെപൊയിലൂരിലുള്ള ഏക വിദ്യാലയമാണ് പൊയിലൂർ ഈസ്റ്റ് എൽ പി സ്കൂൾ .അഞ്ചാം ക്ലാസ് വരെയുള്ള ഈ സ്കൂളിൽ 280 ൽ അധികം വിദ്യാർത്ഥികളും 11 അധ്യാപകരുമാണുണ്ടായിരുന്നത്. വടക്കെപൊയിലൂരിലുള്ള ബഹുഭൂരിപക്ഷം കുട്ടികളും ഈ സ്കൂളിൽ നിന്നാണ് വിദ്യ അഭ്യസിച്ചിരുന്നത്. 1921 ലാണ് അന്നത്തെ അധികാരിയായിരുന്ന കീഴ്ക്കടഞ്ഞി കുഞ്ഞികൃഷ്ണൻ നമ്പ്യാർ ഈ പാഠശാല സ്ഥാപിച്ചത്.സംസ്കൃത പണ്ഡിതനായിരുന്ന കണ്ണമ്പത്ത് കുമാരൻ ഗുരിക്കളായിരുന്നു ഈ സ്കൂളിലെ ഗുരുനാഥൻ .കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെ കാലശേഷം മകൻ കുഞ്ഞിരാമൻനമ്പ്യാർ സ്കൂൾ മാനേജരായി .അദ്ദേഹം തന്നെയായിരുന്നു പ്രധാന അധ്യാപകവിനും .ഇവിടെ പല ഗുരുനാഥന്മാരും അധ്യാപകരായി ജോലി ചെയ്തിട്ടുണ്ട്.കുഞ്ഞിരാമൻ നമ്പ്യാരുടെ മരണശേഷം പടിഞ്ഞാറയിൽ കുഞ്ഞിരാമൻ മാസ്റ്റർ പ്രധാന അധ്യാപകനായി.സ്കൂൾ മാനേജരായി കുഞ്ഞിരാമൻ നമ്പ്യാരുടെ ഭാര്യ ദേവകി അമ്മ ചുമതലയേറ്റു.ദേവകി അമ്മയുടെ മരണശേഷം മകൾ ഒ.കെ സതിയമ്മ മാനേജരായി ചുമതലയേറ്റെടുത്തു.തലമുറകൾക്ക് അക്ഷരജ്ഞാനം പകർന്നു കൊടുത്ത് ഒരു പ്രദേശത്തിന്റെ സംസ്കാരിക വളർച്ചയിൽ നിസ്തുലമായ പങ്ക് വഹിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രമുഖരായ നിരവധി വ്യക്തികളുടെ പ്രൈമറി വിദ്യാഭ്യാസം ഇവിടെയാണ് നടന്നത്. ഇവരിൽ എടുത്തു പറയേണ്ടത് 1987-1992 കാലയളവിൽ ഇവിടെ വിദ്യാഭ്യാസം നേടി ഇന്ന് ദക്ഷിണ കാനറയിലെ ഐ പി എസ് ഓഫീസറായ ശ്രീ.കെ നിഷാന്തിന്റെ അനുഭവ സാക്ഷ്യങ്ങളാണ് . നല്ലൊരു ലൈബ്രറിയും കുട്ടികൾക്കാവശ്യമായ കളിസ്ഥലം ,റീഡിംഗ് റൂം, ഔഷധത്തോട്ടം , പച്ചക്കറിത്തോട്ടം

ഭോജനശാല , കുടിവെള്ള സൗകര്യം തുടങ്ങി കുട്ടികൾക്കാവശ്യമായ എല്ലാ വിഭവങ്ങളും ഒരുക്കിയിട്ടുണ്ട്.കമ്പ്യൂട്ടർ പഠനം , കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് , സംഗീതം , നൃത്ത ക്ലാസുകൾ , തുടങ്ങിയവയും നടത്തി വരുന്നു. എല്ലാത്തിനും പിന്തുണയുമായി പിടിഎയും എസ് എസ് ജിയും രംഗത്തുണ്ട്. പഞ്ചായത്തിലെ മികച്ച ശുചിത്വ വിദ്യാലയത്തിനും കുട്ടികർഷകനുമുള്ള അവാർഡ് കഴിഞ്ഞ വർഷം സ്കൂളിനു നേടാനായി.

# പൊതുലക്ഷ്യങ്ങൾ

- പ്രദേശത്തെ അഞ്ച് വയസ്സ് പൂർത്തീകരിക്കുന്ന മുഴുവൻ വിദ്യാർത്ഥികളേയും പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക.
- വിദ്യാലയത്തിൽ എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നിന്നു കൈവരിക്കേണ്ട പഠനശേഷികൾ നേടിയെന്നു ഉറപ്പുവരുത്തുക.
- മാതൃഭാഷയ്ക്ക് പുറമെ മറ്റ് ഭാഷകളായ ഇംഗ്ലീഷ് ,ഹിന്ദി , അറബി എന്നിവയ്ക്ക് പ്രത്യേക ഊന്നൽ കൊടുക്കുക.
- ദിനാചരണങ്ങളെ ക്ലാസ്റൂം പഠന പ്രവർത്തനത്തിന്റെ ഭാഗമാക്കൽ.
- ശിശു സൗഹൃദവിദ്യാലയം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുക.
- പ്രതികരണ ശേഷിയുള്ള പുതുതലമുറയെ വാർത്തെടുക്കൽ.
- കുട്ടികളുടെ കലാ,കായിക പ്രവൃത്തി പരിചയ മേഖലകളിലെ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾക്ക് മതിപ്പും അഭിമാനവും ഉണ്ടാക്കൽ.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണെന്ന വസ്തുത ഉറപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ , പഠനോപകരണങ്ങൾ ഉറപ്പുവരുത്തുക.
- ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെയെന്നത് യാഥാർത്ഥ്യമാക്കുക.

# മോണിറ്ററിംഗ് കമ്മിറ്റി

എസ് ആർ ജി പ്രതിനിധികളും പിടിഎ പ്രതിനിധികളും ചേർന്നു അഞ്ചംഗ മോണിറ്റിംഗ് സമിതി രൂപീകരിക്കുന്നു.

മാസത്തിലൊരിക്കൽ യോഗം ചേർന്നു പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

# ഉപസംഹാരം

മൂന്നു വർഷക്കാല പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാലയ അക്കാദമിക പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടത്തി വിദ്യാലയത്തെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റാൻ നമുക്ക് കഴിയണം.

# വിഷയ മേഖലകൾ

## ഭാഷ

- എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.
- കൂടുതൽ അറിയാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.
- ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക.
- വായന ഒരു ശീലമാക്കി മാറ്റുക , ആർജിച്ച അറിവുകൾ പ്രകടിപ്പിക്കുന്നതിനു അവസരമൊരുക്കുക.
- ഭാഷാ ശേഷി വികസിപ്പിക്കുക.
- സർഗാത്മക ശേഷി വികസിപ്പിക്കുക.
- പുസ്തക രചന (കഥ , കവിത ) സാധ്യമാക്കുക.
- കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക.
- ഒന്നാം തരം മുതൽ കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിന് താൽപര്യം ജനിപ്പിക്കുക.
- പൊതു സ്ഥലങ്ങളിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള അവസരമൊരുക്കുക.

## ശാസ്ത്രം

- കുട്ടികളിൽ ശാസ്ത്ര ബോധവും ,ശാസ്ത്രീയ ചിന്തയും യുക്തി ചിന്തയും വളർത്തുക.
- സ്കൂളിലെ മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക
- കൗതുകം , വിജ്ഞാനം , നിരീക്ഷണം എന്നിവ കുട്ടികളിൽ വളർത്തുക
- നാടിന്റെ ചരിത്രവും സംസ്കാരിക പൈതൃകവും അറിയുന്നതിനു കുട്ടികളെ സഹായിക്കുന്നു.
- പ്രകൃതി സംരക്ഷണം എന്റെ കടമയാണെന്ന ബോധം ഉണ്ടാക്കുക.
- ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം ഉണ്ടാക്കുക.
- പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ അടിസ്ഥാന ശാസ്ത്രപഠനം താൽപര്യജനകവും ക്രിയാത്മകവുമാക്കൽ

- നക്ഷത്രങ്ങളെയും ,ഗ്രഹങ്ങളെയും നിരീക്ഷിച്ച് തിരിച്ചറിയുന്നു
- കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും

# ഗണിതം

1. ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിന്
2. ദൈനംദിനജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഗണിത ശേഷികൾ ഉണ്ടാക്കുന്നതിനു
3. ചതുഷ് ക്രിയകൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർഭാരണം ചെയ്യുന്നതിന്
4. ഗണിതപഠനം രസകരമാക്കൽ
5. ഗണിത കേളികളിൽ ഏർപ്പെടുന്നതിന്
6. മന ഗണിതത്തിലൂടെ ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിക്കൽ
7. പാറ്റേണുകൾ പരിചയപ്പെടാനും , യുക്തി ചിന്ത വളർത്താനും അവസരമൊരുക്കൽ
8. ഓരോ ക്ലാസിലും ഗണിതലാബ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കൽ

# ഭാഷ

| ക്രമ നമ്പർ | | ക്ലാസ്, വിഷയം ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| 1 | | ലക്ഷ്യം | 1. പ്രീ ടെസ്റ്റ് നടത്തൽ<br>2. അക്ഷരമുറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമ്മിക്കൽ<br>5. ചിത്രവായന<br>6. ചിത്രം നോക്കി കഥ പറയൽ<br>7. കഥാ പൂരണം<br>8. പുസ്തക വായന | ജൂൺ- നവംബർ | ക്ലാസ് ടീച്ചർ | 1000 പി.ടി.എ | മോണിറ്ററിംഗ് കമ്മിറ്റി |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക വായന ശീലമാക്കുക ആർജിച്ച അറിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുക ലൈബ്രറി പ്രവർത്തനം പരിചയപ്പെടുത്തുക. | ഭക്ഷണ പരമായ പിന്നോക്കാവസ്ഥ പരിഗണിക്കൽ | • വായനാ മൂല ഒരുക്കൽ<br>• ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• വായന കാർഡ് നിർമ്മാണം<br>• പത്ര വായന<br>• ക്ലാസ് മാഗസീൻ<br>• ലൈബ്രറി ശാക്തീകരണം<br>• ലൈബ്രറി പുസ്തക വിതരണം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ ക്ലാസ് പി.ടി.എ | 10000 പി.ടി.എ | മോണിറ്ററിംഗ് കമ്മിറ്റി |

| ക്രമ ന മ്പർ | ലക്ഷ്യം | ക്ലാസ് , വിഷയം ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം | മോണിറ്റ റിംഗ് |
| --- | --- | --- | --- | --- | --- | --- | --- |
| | • കുട്ടിയെ മികച്ച എഴുത്തുകാര നാക്കൽ<br>• സർഗാത്മക ശേഷി വികസിപ്പിക്കുക<br>• കഥ ,കവിത രചന സാധ്യമാക്കുക | ഒന്നു മുതൽ അഞ്ചാം ക്ലാസു വരെ | • മാസത്തിലൊരു ക്ലാസ് മാഗസിൻ<br>• ചുമർ പത്രിക നിർമ്മാണം<br>• ഇൻലന്റ് മാഗസിൻ<br>• മഹാൻമാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• ആത്മകഥാ പതിപ്പ്<br>• ആസ്വാദനക്കുറിപ്പ് , പതിപ്പ്<br>• സഞ്ചരിക്കുന്ന ക്ലാസ് മാഗസിൻ<br>• സാഹിത്യ ക്യാമ്പ്, കഥാ കവിത ക്യാമ്പ്<br>• നാടൻപാട്ട് ശിൽപശാല<br>• നാടക ശിൽപശാ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>എം.പി. ടി.എ<br>വിഷയവിദഗ്ദർ | | മോണിറ്ററിംഗ് കമ്മിറ്റി |
| | എൽ.എസ്.എസ്. പരീക്ഷയിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം | നാലാം ക്ലാസ് വിദ്യാർത്ഥികൾ | • മുഴുവൻ കുട്ടികളെയും പരീക്ഷയ്ക്ക് | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഉറപ്പിക്കൽ | | തയ്യാറാക്കാനുള്ള ക്ലാസ് റൂം പ്രവർത്തനം ഒരുക്കൽ<br>• പലിശീലന ക്ലാസുകൾ<br>• വിദഗ്ദരുടെ ക്ലാസുകൾ<br>• റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• മാതൃകാ ചോദ്യങ്ങൾ പരിചയപ്പെടുത്തൽ<br>• മാതൃകാ പരീക്ഷകൾ | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ<br>എം.പി.ടി.എ<br>വിദഗ്ദർ | | എച്ച്.എം<br>മോണിറ്ററിംഗ് കമ്മിറ്റി |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | ക്ലാസ്, വിഷയം ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | • ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം മാറ്റുക<br>• ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക | 1 മുതൽ 5 വരെ | • വായനാ കാർഡ് നിർമ്മാണം<br>• പിക്ച്ചർ മാഗസിൻ പരിചയപ്പെടുത്തൽ<br>• വീഡിയോ ഓഡിയോ ക്ലിപ്പിങ്ങുകൾ കാണുന്നതിനും<br>• ഇംഗ്ലീഷ് ഡയറി<br>• ഇംഗ്ലീഷ് അസംബ്ലി<br>• ലഘു സ്കിറ്റ് തയ്യാറാക്കി അവതരണം<br>• ക്ലാസ് ഇംഗ്ലീഷ് മാഗസിൻ<br>• ഇംഗ്ലീഷ് ഫെസ്റ്റ്<br>• ഇംഗ്ലീഷ് ആശയ വിനിമയ ക്ലാസ്<br>• ഭാഷാ ഗെയിം അക്ഷരങ്ങൾ തിരിച്ചറിയൽ വാക്കുകൾ ഉപയോഗി | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>ക്ലാസ് പി.ടി.എ<br>എസ്.ആർ.ജി | | മോണിറ്ററിംഗ് കമ്മിറ്റി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ഉപയോഗിക്കൽ വിട്ട അക്ഷരങ്ങൾ ജംപിംഗ്ലെർ | | | | |
| | | | | | | | |

# ഉപമേഖല - വിദ്യാലയവും സാമൂഹിക ബന്ധവും

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്,വിഷയം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | • സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷാകർത്താവിന്റെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന്<br>• അധ്യാപക രക്ഷാകർത്തൃബന്ധം ശക്തിപ്പെടുത്തുന്നതിനും ,രസകരമാക്കുന്നതിനും<br>• കുട്ടിയുടെ പഠനനേട്ടം പിന്നോക്കാവസ്ഥ യഥാസമയം ബോധ്യപ്പെടുത്തിചർച്ചയിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്<br>• തങ്ങളുടെ കുട്ടികളുടെ കഴിവുകൾ തിരിച്ചറിയു | മുഴുവൻ രക്ഷിതാക്കളും നാട്ടുകാരും | • ബോധവൽക്കരണ ക്ലാസ്<br>• ക്ലാസ് പി.ടി.എ<br>• ഓണാഘോഷം<br>• ഉച്ചഭക്ഷണത്തിന് വീട്ടിൽ നിന്നും വിഭവങ്ങൾ<br>• അമ്മവായന<br>• ആരോഗ്യ ബോധവൽക്കരണക്ലാസ്<br>• അടുക്കളയിലെ രസതന്ത്രം<br>• പഠന യാത്ര രക്ഷിതാക്കൾക്കും<br>• വാർഷികാഘോഷം<br>• മെഡിക്കൽ ക്യാമ്പ് | ജൂൺ, ജൂലായ് എല്ലാമാസവും<br>ഓണാവധിക്ക് സ്കൂൾ അടക്കുന്ന ദിവസം<br>കുട്ടികളുടെ ജന്മദിനത്തിൽ<br>ജൂൺ - മാർച്ച്<br>ജൂൺ ,ജൂലായ് ,ആഗസ്റ്റ്<br>നവംബർ<br>ഏപ്രിൽ<br>മാർച്ച്<br>സെപ്റ്റംബ | എസ് ആർജി<br>എസ് ആർജി<br>പി.ടി.എ<br>പി.ടി.എ<br>എസ് ആർജി<br>എസ് ആർജി<br>എസ് ആർജി<br>പിടിഎ<br>പിടിഎ<br>പിടിഎ | 500<br>10000<br>500<br>500<br>20000<br>50000<br>1000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ന്നതിനും<br>പ്രോത്സാഹ<br>ിപ്പിക്കുന്ന<br>തിനും | | | ർ | | | |

# ഉപമേഖല – അധ്യാപകശാക്തീകരണം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്, വിഷയം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | • അധ്യാപക ശാക്തീകരണം<br>• ഗവേഷണ സ്വഭാവത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ അധ്യാപകരെ സജ്ജരാക്കുക<br>• അക്കാദമിക രംഗത്തെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുക | മുഴുവൻ അധ്യാപകർ | • ടീച്ചേഴ്സ് ക്ലബ്<br>• വിദഗ്ദരുടെ ക്ലാസുകൾ<br>• ഐടി സാധ്യതകളുടെ പരിശീലനം | ജൂൺ മാർച്ച്<br>ജൂൺ ജൂലായ്<br>ഏപ്രിൽ ,മെയ് | എച്ച്.എം<br>എച്ച് എം<br>എച്ച്.എം | 2000<br>2000<br>2000 |

# ഉപമേഖല – കലാ,കായിക,പ്രവർത്തി പരിചയം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് ക്ലാസ്,വിഷയം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| | • കുട്ടികളിൽ അവരവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും<br>• ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് | | • പ്രവർത്തി പരിചയ ശിൽപശാല<br>• നാടൻ പാട്ട് ശിൽപശാല<br>• ചിത്രരചനാ ക്യാമ്പ്<br>• മാസത്തിൽ മാസ് ഡ്രിൽ<br>• സ്കൂൾ കായിക മേള<br>• പ്രഥമ ശുശ്രൂഷ എന്ത് എങ്ങനെ | ആഗസ്റ്റ്<br>ജനുവരി<br>ഒക്ടോബർ<br>ജൂൺ മാർച്ച്<br>ഒക്ടോബർ<br>ജൂലായ് | എസ് ആർ ജി<br>പിടിഎ<br>പിടിഎ<br>എസ്ആർജി<br>പിടിഎ<br>എസ്ആർജി | 1000<br>1000<br>1000<br>500 | മോണിറ്ററിംഗ് കമ്മിറ്റി |